പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2211 **27-10-2026-ൽ മറുപടിയ്ക്ക്**

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ഫിറോസ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് 2024, 2025 വർഷങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

മറുപടി: വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

(ബി) പ്രസ്തുത വർഷങ്ങളിൽ ജില്ല തിരിച്ചും വിഭാഗം തിരിച്ചും രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം— ബലാത്സംഗം, ഗാർഹിക പീഡനം, സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമം, സ്ത്രീധനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ, കാണാതായ സ്ത്രീകളെ സംബന്ധിച്ച കേസുകൾ, സ്ത്രീകൾക്കെതിരെയുള്ള മറ്റ് കുറ്റകൃത്യങ്ങൾ എന്നിങ്ങനെ ലഭ്യമാക്കാമോ;

മറുപടി: വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

(സി) പ്രസ്തുത കേസുകളിൽ 2024, 2025 വർഷങ്ങളിൽ ജില്ല തിരിച്ചും കുറ്റകൃത്യങ്ങളുടെ വിഭാഗം തിരിച്ചും കുറ്റപത്രം സമർപ്പിച്ചവയുടെയും അന്വേഷണം പൂർത്തിയാക്കിയവയുടെയും എണ്ണം ലഭ്യമാക്കാമോ;

മറുപടി: വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.

(ഡി) പ്രസ്തുത കേസുകളിൽ ശിക്ഷ ലഭിച്ച കേസുകളുടെ എണ്ണം ജില്ല തിരിച്ചും കുറ്റകൃത്യങ്ങളുടെ വിഭാഗം തിരിച്ചും വ്യക്തമാക്കാമോ;

മറുപടി: വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർക്കുന്നു.

(ഇ) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇത്തരം കേസുകളിൽ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കുറ്റവാളികൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മറുപടി: സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും പരാതികളിൽ സമയബന്ധിതവും നീതിപൂർവവുമായ നടപടി ഉറപ്പാക്കുന്നതിനുമായി വിവിധ നിയമപരവും ഭരണപരവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഗുരുതരമായ കേസുകളിൽ പരിചയസമ്പന്നരായ വനിതാ പോലീസ്

ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അന്വേഷണം വേഗത്തിലാക്കുകയും പരാതിക്കാർക്ക് സൗഹൃദപരമായ അന്തരീക്ഷം ഉറപ്പാക്കുന്നതിനായി വനിതാ-ശിശു സൗഹൃദ ഓഫീസർമാരെയും എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീധനപീഡനം, ഗാർഹികപീഡനം, സൈബർ അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിന് aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസവും SPEAK UP സംവിധാനവും ലഭ്യമാണ്. കൂടാതെ 1091, 112, 181 എന്നീ ഹെൽപ് ലൈൻ നമ്പറുകളിലൂടെയും സഹായം ലഭ്യമാക്കുന്നു. തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായി സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിലെ Internal Complaints Committees (ICC) പ്രവർത്തനങ്ങളും നിരീക്ഷിച്ചുവരുന്നു. സ്ത്രീകളും കുട്ടികളും കൂടുതലായി എത്തുന്ന പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പിങ്ക് പോലീസ് സ്ക്വാഡുകൾ പ്രത്യേക പട്രോളിംഗും നടത്തുന്നു.

സ്ത്രീകൾക്കെതിരായ അതിക്രമക്കേസുകളിൽ വിചാരണ വേഗത്തിലാക്കുന്നതിന് പോലീസും പ്രോസിക്യൂഷനും തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുകയും കുറ്റപത്രങ്ങളുടെ നിയമ പരിശോധന, അതിജീവിതകളുടെയും സാക്ഷികളുടെയും അന്വേഷണ ഉദ്യോഗസ്ഥരുടെയും സമയബന്ധിതമായ കോടതി ഹാജർ ഉറപ്പാക്കൽ, വിചാരണ വൈകിപ്പിക്കുന്നതിനുള്ള അനാവശ്യ ഹർജികളെയും സ്റ്റേ നടപടികളെയും നിയമപരമായി നേരിടൽ എന്നിവയിലൂടെ കേസുകളുടെ സമയബന്ധിതമായ തീർപ്പാക്കലിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ